**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5279** **21-03-2025 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്കുള്ള സർക്കാർ സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ)** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ശ്രീനാരായണ ഓപ്പൺ സർവ്വകലാശാലയിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണ് ഉള്ളതെന്ന് വിശദമാക്കുമോ; | (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ 29 പ്രോഗ്രാമുകൾ (6 നാലുവർഷ (ഓണേഴ്സ്) ബിരുദം, 11 ബിരുദം, 12 ബിരുദാനന്തര ബിരുദം) നടത്തുന്നതിനുള്ള അനുമതി യു.ജി.സി-ഡി.ഇ.ബി. നൽകിയിട്ടുണ്ട്. സർവകലാശാല നടത്തിവരുന്ന പ്രോഗ്രാമുകളുടെ വിവരങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| (ബി) | ഇത്തരം കോഴ്സുകളിലൂടെ എത്ര വിദ്യാർത്ഥികൾക്കാണ് പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ നിലവിൽ 52,000 ത്തോളം പഠിതാക്കൾ 29 പ്രോഗ്രാമുകളിലായി പഠനം നടത്തിവരുന്നു. |
| (സി) | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് നിലവിൽ എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | വിദൂരവിദ്യാഭ്യാസത്തെ ശാക്തീകരിക്കാൻ സ്ഥാപിതമായ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് വേണ്ടി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :<br>1. 2021-ലെ ശ്രീനാരായണഗുരു യൂണിവേഴ്സിറ്റി ആക്ട് പ്രാബല്യത്തിൽ വരുത്തി .<br>2. കണ്ണൂർ, കോഴിക്കോട്, പാലക്കാട്, എറണാകുളം എന്നീ പ്രാദേശിക കേന്ദ്രങ്ങൾ ആരംഭിച്ചു .<br>3. സ.ഉ (കൈ ) നം. 516/2021/ഉ . വി . വ .,തീയതി : 11.11.2021 പ്രകാരം ജീവനക്കാരുടെ 118 തസ്തികകൾ അനുവദിച്ചു .<br>4. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, അക്കാഡമിക് ബ്ലോക്ക് എന്നിവ വാടകയ്ക്ക് എടുക്കുന്നതിന് ഭരണാനുമതി നൽകി .<br>5. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ വികസനങ്ങൾക്ക് ആവശ്യമായ പദ്ധതികൾക്ക് ഭരണാനുമതി നൽകി .<br>6. നാളിതുവരെ 29 പ്രോഗ്രാമുകൾ തുടങ്ങുന്നതിന് അനുവാദം നൽകി . |

| | | | |
|---|---|---|---|
| | | | 7. ബജറ്റിൽ വകയിരുത്തി, സർക്കാർ ഗ്രാന്റ് അനുവദിച്ച നൽകി .<br>8. സർവകലാശാലയ്ക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിനു തുക വകയിരുത്തി . |

സെക്ഷൻ ഓഫീസർ

**5279 – അനുബന്ധം**

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല നടത്തിവരുന്ന പ്രോഗ്രാമുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| നാലു വർഷ (ഓണേഴ്സ്) ബിരുദം | ബിരുദം | ബിരുദാനന്തര ബിരുദം |
|---|---|---|
| 1. ബി.കോം (ഓണേഴ്സ്)<br>2. ബി.ബി.എ (ഓണേഴ്സ്)<br>3. ബി.എ. ഇംഗ്ലീഷ്(ഓണേഴ്സ്)<br>4. ബി.എ. മലയാളം(ഓണേഴ്സ്)<br>5. ബി.എ. ഹിസ്റ്ററി(ഓണേഴ്സ്)<br>6. ബി.എ. സോഷ്യോളജി (ഓണേഴ്സ്) | 1. ബി.സി.എ<br>2. ബി.എ .അഫ്സൽ ഉൽ ഉലമ<br>3. ബി.എ.അറബിക്ക്<br>4. ബി.എ. സംസ്കൃതം<br>5. ബി.എ. ഹിന്ദി<br>6. ബി.എ. ഇക്കണോമിക്സ്<br>7. ബി.എ. ഫിലോസഫി<br>8. ബി.എ. പൊളിറ്റിക്കൽ സയൻസ്<br>9. ബി.എ. സൈക്കോളജി<br>10. ബി.എ. നാനോ എന്റർപ്രെണർഷിപ്പ്<br>11. ബി എസ് സി ഡാറ്റാ സയൻസ് & അനലിറ്റിക്സ് | 1. എം.കോം<br>2. എം.എ. അറബിക്ക്<br>3. എം.എ. മലയാളം<br>4. എം.എ. ഇംഗ്ലീഷ്<br>5. എം.എ. ഹിന്ദി<br>6. എം.എ. സംസ്കൃതം<br>7. എം.എ. ഹിസ്റ്ററി<br>8. എം.എ. സോഷ്യോളജി<br>9. എം.എ. ഇക്കണോമിക്സ്<br>10. എം.എ. ഫിലോസഫി<br>11. എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ<br>12. എം.എ. പൊളിറ്റിക്കൽ സയൻസ് |

സെക്ഷൻ ഓഫീസർ